# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2611

19/12/2012-ൽ മറുപടിയ്ക്ക്

## സാങ്കേതിക ഉപദേശക സമിതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലവിഭവ വകുപ്പിലെ സാങ്കേതിക ഉപദേശക സമിതിയുടെ ചെയർമാൻ ആരാണ്; ഇതിൽ എത്ര അംഗങ്ങളാണ് ഉള്ളത്; ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയർ ചെയർപേഴ്സനായുള്ള സാങ്കേതിക ഉപദേശക സമിതിയിൽ സെൻട്രൽ വാട്ടർ കമ്മീഷൻ (മോണിറ്ററിംഗ്) ഡയറക്ടർ, അഗ്രികൾച്ചറൽ ഡയറക്ടർ, ഇൻവെസ്റ്റിഗേഷൻ ആന്റ് പ്ലാനിംഗ് - ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ, ഹാർബർ എൻഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളാണ്. |
| ബി) സാങ്കേതിക ഉപദേശക സമിതി അവസാനമായി യോഗം ചേർന്നത് എന്നാണെന്ന് വ്യക്തമാക്കാമോ; ഈ സമിതി യോഗം ചേരാത്തതിനാൽ സുപ്രധാനമായ പല പ്രോജക്ടുകളും നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** സാങ്കേതിക ഉപദേശക സമിതി **2010, നവംബറിലാണ്** അവസാനമായി യോഗം ചേർന്നത്. കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമുള്ള പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നതിന് മുൻപായാണ് ഈ സമിതി യോഗം ചേരാറുള്ളത്. സമിതി യോഗം ചേരാതിരുന്നതിനാൽ പദ്ധതികളൊന്നും വൈകിയിട്ടില്ല. |

| | | | |
|---|---|---|---|
| സി) | ഇപ്പോഴുള്ള സമിതിയെ പിരിച്ചുവിട്ടുകൊണ്ട് പുതിയ സമിതിയെ തെരഞ്ഞെടുക്കുന്ന കാര്യം പരിഗണിക്കുമോ? | സി) | തീരുമാനമൊന്നും എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**